"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - സീനിയർ ഗ്രേഡ് ഡ്രൈവർ ശ്രീ.സന്തോഷ് കുമാർ. ആർ ന് കൊല്ലം ജില്ലയിലേക്ക് സ്ഥലംമാറ്റം നൽകണമെന്ന ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.769/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 25/03/2021

---

പരാമർശം:- 1 സ.ഉ(ആർ.ടി) നം. 142/2018/തസ്വഭവ തീയതി 16.01.2018.

2 ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 24.07.2019 ലെ OA(EKM) 508/2018 നം. ഉത്തരവ്.

3 ശ്രീ.സന്തോഷ് കുമാർ. ആർ സമർപ്പിച്ച 17.08.2019 തീയതിയിലെ നിവേദനം.

4 പഞ്ചായത്ത് ഡയറക്ടറുടെ 28.9.2019 ലെ ഇ14-8260/18 നം. കത്ത്

ഉത്തരവ്

1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ പഞ്ചായത്ത് വകുപ്പിൽ ഡ്രൈവർ സീനിയർ ഗ്രേഡ് തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ.സന്തോഷ് കുമാർ.ആർ ഫയൽ ചെയ്തിരുന്ന OA(EKM) 508/2018 നമ്പർ ഹർജിയിൽ ബഹു. ട്രൈബ്യൂണൽ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ താഴെ പറയും പ്രകാരം നിർദ്ദേശിച്ചിരുന്നു.

" ....... The applicant is permitted to file representation before the Government for reconsidering the matter in view of the subsequent development whereby he was given a transfer to Thiruvananthapuram District and for reconsidering his claim that the post of Senior Grade Driver being in a State level cadre,he is eligible for a transfer to any district according to availability of vacancy. If the representation is filed within a period of one month from the date of receipt of a certified copy of this order, the Government will take a decision thereon within a further period of three months after giving an opportunity for hearing to him and any other person likely to be affected by the decision. The Original Application is disposed of as above."

2. ശ്രീ.സന്തോഷ് കുമാർ സമർപ്പിച്ച പരാമർശം (3) നിവേദനത്തിൽ ടിയാൻ 06.02.2019 മുതൽ ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ സീനിയർ ഗ്രേഡ് ഡ്രൈവറായി സേവനമനുഷ്ഠിക്കുന്നതായും ടിയാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന 08.12.2011 ൽ ഡ്രൈവർ ഗ്രേഡ് II തസ്തികയിൽ ഇടുക്കി ജില്ലയിൽ നിയമിതനാവുകയും 01.06.2014 ഗ്രേഡ് I ആയും 01.04.2016 ൽ സീനിയർ ഗ്രേഡ് ഡ്രൈവറായും പ്രൊമോഷൻ ലഭിക്കുകയും ചെയ്തു. ഒഴിവുകളുണ്ടായിരുന്നിട്ടും സ്വദേശമായ കൊല്ലം ജില്ലയിലേക്ക് സ്ഥലംമാറ്റം നൽകിയില്ലെന്നും ടിയാൻ നിലവിൽ സീനിയർ ഗ്രേഡ് ഡ്രൈവറായതിനാൽ ആയത് സംസ്ഥാനതല കേഡറിൽ ഉൾപ്പെടുമെന്നും അതിനാൽ ഒഴിവുകളുടെ അടിസ്ഥാനത്തിൽ ഏത് ജില്ലയിലേക്കും സ്ഥലംമാറ്റത്തിന് അർഹതയുള്ളതായും നിവേദനത്തിൽ അപേക്ഷകൻ അഭ്യർത്ഥിച്ചു.

3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവ് പ്രകാരം അപേക്ഷകനെ നേരിൽ കേൾക്കുകയും ടിയാൻ നിവേദനത്തിലെ ആവശ്യങ്ങൾ ഉന്നയിക്കുകയും ചെയ്തു. ഇടുക്കി ജില്ലാ പഞ്ചായത്തിൽ സീനിയർ ഗ്രേഡ് ഡ്രൈവർ തസ്തികയിൽ സേവനത്തിലിരിക്കെ ശ്രീ. സന്തോഷ് കുമാർ ടിയാന്റെ സ്വദേശമായ കൊല്ലം ജില്ലയിൽ അന്തർജില്ലാ സ്ഥലം മാറ്റം മുഖാന്തിരം നിയമനം

ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും കൊല്ലം ജില്ലയിൽ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിന് നിശ്ചിത ശതമാനം പരിധിയിൽ ഒഴിവില്ലാത്തതിനാൽ ടിയാന് അന്തർജില്ലാ സ്ഥലം മാറ്റം അനുവദിച്ചിരുന്നില്ല. ആയതിനെതിരെ ടിയാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA(EKM) No.2255/2017-ാം നമ്പരായി കേസ് ഫയൽ ചെയ്യുകയും ആയതിലെ 12.10.2017 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരനായ ശ്രീ.സന്തോഷ് കുമാറിനെ നേരിൽ കേൾക്കുകയും പരാമർശം (1) സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ടി ഉത്തരവ് പ്രകാരം കൊല്ലം ജില്ലയിൽ അന്തർജില്ലാസ്ഥലംമാറ്റം അനുവദിക്കുന്നതിന് നിശ്ചിത ശതമാനം പരിധിയിൽ ഒഴിവില്ലാത്തതിനാൽ ടിയാന്റെ അപേക്ഷ നിരസിച്ച് ഉത്തരവാകുകയും കൊല്ലം ജില്ലയിൽ ഡ്രൈവർ തസ്തികയിൽ അടുത്തതായി ഉണ്ടാകുന്ന ഒഴിവിൽ ശ്രീ. സന്തോഷ് കുമാറിനെ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിനുള്ള നിശ്ചിത ശതമാനം പരിധിപാലിച്ച്കൊണ്ട് ടിയാളുടെ യോഗ്യതയ്ക്ക് വിധേയമായി സ്ഥലംമാറ്റം അനുവദിക്കുന്നതിന് പരിഗണിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം കൊല്ലം ജില്ലയിൽ അന്തർജില്ലാസ്ഥലംമാറ്റം അനുവദിക്കുന്നതിന് ഒഴിവുകൾ ഉണ്ടാകാത്തതിനാൽ ടിയാന് സ്ഥലംമാറ്റം അനുവദിച്ചിരുന്നില്ല. ആയതിനെതിരെ ടിയാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA508/2018-ാംനമ്പരായി കേസ് ഫയൽ ചെയ്യുവെന്നും പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചു.

4. തിരുവനന്തപുരം ജില്ലയിൽ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിനായി ഒരു ഒഴിവ് നിലവിലുണ്ടെന്ന് തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 23.11.2018 തീയതിയിൽ പഞ്ചായത്ത് ഡയറക്ടറുടെ ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്തിരുന്നു. ടി ഒഴിവിലേക്ക് നിയമനം ലഭിക്കുന്നതിനായി പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ഗ്രാമ പഞ്ചായത്തിലെ സീനിയർ ഗ്രേഡ് ഡ്രൈവർ ശ്രീ. ജോൺ ഉം ശ്രീ. സന്തോഷ് കുമാറും അപേക്ഷ സമർപ്പിച്ചിരുന്നു. ഒരു ഒഴിവിലേക്ക് രണ്ട് അപേക്ഷകൾ ഉണ്ടായിരുന്നതിനാൽ രണ്ട് അപേക്ഷകരെയും 14.12.2018 തീയതിയിൽ പഞ്ചായത്ത് ഡയറക്ടറുടെ ഓഫീസിൽ വച്ച് നേരിൽ കേൾക്കുകയും അന്തർജില്ലാ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട വസ്തുതകൾ ബോധ്യപ്പെടുത്തുകയും ചെയ്തിരുന്നു. ശ്രീ. ജോണിന്റെയും ശ്രീ. സന്തോഷ് കുമാറിന്റെയും അപേക്ഷകൾ പരിശോധിച്ചതിൽ ശ്രീ. ജോൺ പത്തനംതിട്ട ജില്ലയിൽ ജോലിയിൽ പ്രവേശിച്ചത് 02.05.2012 തീയതിയിലും ശ്രീ.സന്തോഷ് കുമാർ ഇടുക്കി ജില്ലയിൽ ജോലിയിൽ പ്രവേശിച്ചത് 08.12.2011 തീയതിയിലാണെന്നും ബോധ്യപ്പെടുകയും മേൽ സാഹചര്യത്തിൽ സീനിയറായ ശ്രീ. ആർ. സന്തോഷ് കുമാറിന് 30.01.2019 ലെ ഇ 14-10422/17-ാം നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലയിൽ നിയമനം നൽകുകയും ടിയാൻ നിലവിൽ ചെമ്മരുതി ഗ്രാമ പഞ്ചായത്തിൽ ജോലി ചെയ്തു വരികയുമാണ്. കൊല്ലം ജില്ലയിൽ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാത്തതായ ഒഴിവുകൾ ഒന്നും തന്നെ ഡ്രൈവർ തസ്തികയിൽ നിലവിലില്ല.

5. ഡ്രൈവർ തസ്തികയിലെ ജീവനക്കാർക്ക് പൊതു സ്ഥലംമാറ്റത്തിലെ മാനദണ്ഡങ്ങൾ ബാധകമാക്കി മറ്റ് തസ്തികകളിലെപോലെ സ്ഥലംമാറ്റം അനുവദിക്കണമെന്നാണ് പരാതിക്കാരന്റെ ആവശ്യം. പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾ പ്രകാരം ഡ്രൈവർ തസ്തിക ജില്ലാതലനിയമനമായാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഡ്രൈവർ തസ്തികയിലെ നിയമനാധികാരി ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരാണ്. ഒരു ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലം മാറ്റം അനുവദിക്കുമ്പോൾ 06.02.2013 സ.ഉ(പി)05/2013/ഉഭപവ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്. ഡ്രൈവർ തസ്തികയിൽ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുമ്പോൾ സീനിയോറിറ്റി നഷ്ടപ്പെടാറുണ്ട്. ഡ്രൈവർ തസ്തികയിലെ സീനിയോറിറ്റി കണക്കാക്കുന്നത് സംസ്ഥാനതലത്തിലാണ്. ടി സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ശമ്പളപരിഷ്കരണ ഉത്തരവുകളെ അടിസ്ഥാനമാക്കിയാണ് റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നത്. ഡ്രൈവർ തസ്തികയിൽ ഡ്രൈവർഗ്രേഡ് II, ഡ്രൈവർ ഗ്രേഡ് I, സീനിയർ ഗ്രേഡ് ഡ്രൈവർ, സെലക്ഷൻ ഗ്രേഡ് ഡ്രൈവർ എന്നീ ഗ്രേഡുകളാണ് നിലവിലുള്ളത്. അടിസ്ഥാന തസ്തികയായ ഗ്രേഡ് II തസ്തികയിൽ നിന്നും റേഷ്യോപ്രൊമോഷൻ ലഭിച്ച് ഗ്രേഡ് I ആകുമ്പോൾ സംസ്ഥാനതല സീനിയോരിറ്റി പരിഗണിച്ച് സ്ഥലംമാറ്റം അനുവദിക്കണമെന്നാണ് പരാതിക്കാരന്റെ ആവശ്യം. ജില്ലാ തലത്തിൽ ഡ്രൈവർ തസ്തികകൾ വിവിധ ഗ്രേഡുകളാക്കി തരം തിരിച്ചിട്ടില്ല. ആയതിനാൽ ഇത്തരത്തിൽ സ്ഥലംമാറ്റം നൽകാൻ കഴിയുകയില്ല. ജില്ലാതലത്തിൽ പി.എസ്.സി റാങ്ക് പട്ടിക അടിസ്ഥാനമാക്കിയാണ് ഡ്രൈവർ തസ്തികയിൽ നിയമനം നടത്തുന്നത്. ഒരു ജീവനക്കാരന് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുമ്പോൾ പ്രസ്തുത ജില്ലയിൽ പി.എസ്.സി നിയമനത്തെ ബാധിക്കുമെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ സീനിയർ ഗ്രേഡ് ഡ്രൈവർ ശ്രീ.സന്തോഷ് കുമാർ. ആർ ന് കൊല്ലം ജില്ലയിലേക്ക് സ്ഥലംമാറ്റം നൽകണമെന്ന ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. പരാമർശം (2) ലെ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

ശ്രീ.സന്തോഷ് കുമാർ. ആർ, സീനിയർ ഗ്രേഡ് ഡ്രൈവർ, ചെമ്മരുതി ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം ജില്ല. (സെക്രട്ടറി, ചെമ്മരുതി ഗ്രാമപഞ്ചായത്ത് മുഖേന)

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സി. ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/45/2018-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ